(ഡി) ഇല്ല.

(ഇ) അനാഥാലയങ്ങളുടെ മേൽനോട്ട നിരീക്ഷണങ്ങൾ ശക്തമാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ 26 ഓളം ഘടകങ്ങൾ ഒരു നിശ്ചിത ചെക്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാണ് സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതും പുതുക്കി നൽകിവരുന്നതും. കൂടാതെ സാമൂഹ്യനീതി വകുപ്പിൽ നിന്ന് ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർമാർ മുഖേനയും പോലീസ് വകുപ്പ് വഴിയും സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നു. പോരായ്മകൾ പരിഹരിക്കാത്ത സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നതിന് ബോർഡ് നടപടികൾ സ്വീകരിക്കുന്നുണ്ട്. ജില്ലാ തലത്തിൽ കളക്ടറുടെ നേതൃത്വത്തിൽ നിരീക്ഷണ സമിതിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

മൂലപ്പിലാവ് അങ്കണവാടിയെ മാതൃക അങ്കണവാടിയായി ഉയർത്താൻ നടപടി

402 (1848) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ മൂലപ്പിലാവ് അങ്കണവാടിയെ മാതൃക അങ്കണവാടിയായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കുന്നതിൽ വന്ന കാലതാമസത്തിന് കാരണം വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത അങ്കണവാടിയെ മാതൃക അങ്കണവാടിയായി എപ്പോൾ പ്രഖ്യാപിക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ മൂലപ്പിലാവ് അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി ഉയർത്തുന്നതിന് ലഭിച്ച ശുപാർശയിൽ സംഭവിച്ച പിഴവ് കാരണം ടി അങ്കണവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിന് അനുമതി നൽകിയ 10-2-2014-ലെ സ.ഉ. (സാധാ)നമ്പർ 95/2014/സാനീവ ഉത്തരവിൽ നിയോജക മണ്ഡലത്തിന്റെ പേര് കുന്ദമംഗലം എന്നു തെറ്റായാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ 7-11-2014-ലെ സ.ഉ(സാധാ) നമ്പർ 659/2014 സാനീവ പ്രകാരം ഏലത്തൂർ നിയോജക മണ്ഡലം എന്ന് തിരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly